പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *387 | 26.06.2013 ന് മറുപടിയ്ക്ക്

## ആട്ടോമൊബൈലിന് അന്താരാഷ്ട്ര പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എ.റ്റി ജോർജ്ജ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി ആട്ടോമൊബൈലിന് അന്താരാഷ്ട്ര പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് വഴി ആട്ടോമൊബൈലിന് അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിനുള്ള പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായുള്ള വിശദമായ പദ്ധതി നടപടി ആവിഷ്കരിച്ച് വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ആട്ടോമൊബൈൽ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വിദഗ്ധരെ വാർത്തെടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം ഇതിലേയ്ക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചത്; | (സി) പദ്ധതിയുടെ പൂർണ്ണ റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം മാത്രമേ ഏതെല്ലാം സ്ഥാപനങ്ങളെ സഹകരിപ്പിക്കണമെന്ന് തീരുമാനിക്കുകയുള്ളൂ. |
| (ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ